www.abhayakendram.com

# അഭയ ന്യൂസ്

Volume No: 7
Issue No: 1
October 2025

Newsletter Published by Abhayakendram Charitable Society (Reg. No. TVM/TC/959/2013)
Medical College, Kedaram Nagar, Pattom P.O. Thiruvananthapuram-695 004
Tel: 0471-7966618, 9497576568. Email: abhayakendramtvm@gmail.com

## അഭയകേന്ദ്രം അടുത്ത ഘട്ടത്തിലേക്ക്

അഭയകേന്ദ്രം അതിന്റെ അനന്തരഘട്ടത്തിലേക്ക് കടക്കുകയാണ്. ഇതിനകം തന്നെ നിരവധി നിരാലംബർക്കും അശരണർക്കും തണലായി മാറിയ ഈ പ്രസ്ഥാനം പുതിയ പന്ഥാവ് തെളിക്കുകയാണ്. സർക്കാരിന്റെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്തിടങ്ങളിൽ അതുപോലുള്ളവ സ്ഥാപിക്കുക എന്നതാണ് ഒരു സംരംഭം. അതിനുപുറമേ നിർധനരായ വൃക്കരോഗികൾക്ക് ഡയാലിസിസ് കേന്ദ്രങ്ങൾ തുറക്കുവാനുള്ള പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ സുമനസ്സുകളുടെ നിർലോപമായ സഹകരണവും ദൈവസഹായവും പദ്ധതികൾക്ക് എന്നും കൈത്താങ്ങാകുമെന്നതിന് അനുഭവസാക്ഷ്യമുള്ളതാണ്, ഈ ബൃഹത് സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് അഭയകേന്ദ്രം ഭാരവാഹികൾക്ക് മനക്കരുത്തു നൽകുന്നത്.

ആദ്യപദ്ധതിക്ക് തുടക്കമിട്ടുകഴിഞ്ഞു. തിരുവനന്തപുരത്ത് ഇയൊറിൽ ലഭിച്ച സ്ഥലത്ത് ഒരു പൊതുജനാരോഗ്യ കേന്ദ്രത്തിൻെറയും ഡയാലിസിസ് കേന്ദ്രത്തിന്റെയും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. നഗരത്തോട ടുത്താണെങ്കിലും എറ്റവും പിന്നാക്കാവസ്ഥ നേരിടുന്ന പ്രദേശമാണിത്. അടുത്ത് ഒരു ആതുരാലയവുമില്ല. ആരോഗ്യ പരിപാലനത്തിൽ ഏറെ പിന്നാക്കമാണ്, ജനങ്ങൾ. അവിടുത്തെ ജനഹിതമനുസരിച്ചാണ്, അഭയകേന്ദ്രം ഈ പദ്ധതിക്ക് തുടക്കമിടുന്നത്. എ.റഷീദ് എന്ന മനുഷ്യസ്നേഹിയും കുടുംബവും നൽകിയ 15 സെന്റ് സ്ഥലത്തിന്റെ കൈമാറ്റ നടപടികൾ അവസാന ഘട്ടത്തിലാണ്. ഡിസംബറിൽ ഇതിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമാകും. പിന്നാക്കാവസ്ഥയും സ്ഥലലഭ്യതയും പരിഗണിച്ച് മറ്റിടങ്ങളിലും ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാനുള്ള ആലോചനകൾ നടക്കുന്നു. പുതിയ ഡയാലിസിസ് കേന്ദ്രങ്ങളും താമസിയാതെ തന്നെ തുടങ്ങാനാകുമെന്നാണ് കരുതുന്നത്. അതേസമയം, ജനലക്ഷങ്ങൾക്ക് തണലായി മാറിക്കൊണ്ട് തിരുവനന്തപുരം അഭയകേന്ദ്രത്തിന്റെ നിശ്ശബ്ദ സേവനം അനുസ്യൂതം തുടരുന്നു. ഇതുവരെ അരലക്ഷത്തിലധകം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അഭയമാകാൻ ഈ കേന്ദ്രത്തിനു കഴിഞ്ഞിട്ടുണ്ട്. പ്രതിദിനം 250ലധികം

## ചെയർമാന്റെ കുറിപ്പ്



'നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കുവിൻ ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും' എന്ന പ്രവാചക വചനം ശിരസ്സാവഹിച്ചു കൊണ്ട് കാരുണ്യ പ്രവർത്തനങ്ങളുടെ ഒരു മാതൃകാ സ്ഥാപനമായി അഭയ കേന്ദ്രം തലസ്ഥാന നഗരിയിൽ തല ഉയർത്തി നിൽക്കുന്നു. 'ഇത് ഞങ്ങൾക്ക് സ്വന്തം വീടുപോലെ' എന്ന ഇവിടെയുള്ള അന്തേവാസികളായ അതിഥികളുടെ വാക്കുകൾ അവരുടെ അനുഭവസാക്ഷ്യമാണ്. ഈ അനുഭവ സാക്ഷ്യം അഭയ കേന്ദ്രത്തിന്റെ പ്രവർത്തകരെയും അഭ്യുദയകാംക്ഷികളെയും ഏറെ സന്തോഷിപ്പിക്കുന്നു. അഭയ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ അതിന്റെ ഹെഡ് കോർട്ടേഴ്സിന് പുറത്തേക്കും വ്യാപിപ്പിക്കുന്നു എന്ന കാര്യം ഇത്തരുണത്തിൽ എല്ലാവരേയും അറിയിക്കാൻ ആഗ്രഹിക്കുന്നു. തിരുവനന്തപുരം നഗരത്തിലെ പിന്നാക്ക പ്രദേശമായ എടയാറിൽ അഭയകേന്ദ്രത്തിന്റെ അഭ്യുദയകാംഷി എ ആർ റഷീദും കുടുംബവും ദാനമായി നല്കിയ 15 സെന്റ് സ്ഥലത്ത് ഹെൽത്ത് സെന്ററും ഡയാലിസിസ് സെന്ററും സ്ഥാപിക്കാനുള്ള പ്രോജക്ടിന്റെ പ്രാരംഭ നടപടിക്രമങ്ങൾ ഇടയാർ പ്രോജക്റ്റ് സബ് കമ്മിറ്റി കൺവീനർ പ്രൊഫസർ കെ എം ജലീലിന്റെ നേതൃത്വത്തിൽ നടന്നവരുന്നു.ഹെൽത്ത് സെന്ററിന്റെ നിർമ്മാണത്തിനാവശ്യമായ തുക അഭയകേന്ദ്രത്തിന്റെ ഗുണകാംക്ഷിയും പ്രവാസിയുമായ ഡോക്ടർ ഷുക്കൂർ സ്പോൺസർ ചെയ്തിട്ടുണ്ട്.സമാനമായ സ്പോൺസർഷിപ്പ് ഡയാലിസിസ് സെന്റർ നിർമ്മാണത്തിനും പ്രതീക്ഷിക്കുന്നു.എല്ലാ അർത്ഥത്തിലും സൗകര്യപ്രദവും സുസജ്ജവുമായ ഹെൽത്ത് സെന്ററും ഡയാലിസ് സെന്ററും പ്രവർത്തനമാരംഭിക്കുന്നതിന് ഉദാരമതികളായ സഹോദരങ്ങളുടെ സഹായവും സഹകരണവും ഇനിയും ആവശ്യമാണ്.നാളിതുവരെ അഭയ കേന്ദ്രത്തിന് സഹായവും സഹകരണവും നൽകിയ എല്ലാവരെയും ഓർക്കുന്നു.അവർ ദൈവിക പ്രതിഫലത്തിന് അർഹരാകാൻ വേണ്ടി പ്രാർത്ഥിക്കുന്നു!

**എ എസ് നൂറുദ്ദീൻ**

പേർക്കാണ് താമസ സൗകര്യവും ഭക്ഷണവും തികച്ചും സൗജന്യമായി ഇപ്പോൾ നൽകിവരുന്നത്. വീൽചെയർ, ഓകസിജൻ സിലിണ്ടർ, ആംബുലൻസ് സർവീസ്, ആശുപത്രികളിലേക്കുള്ള സൗജന്യ യാത്ര എന്നീ സേവനങ്ങൾക്കു പുറമേ നിർധനരോഗികൾക്ക് മരുന്നിനും ലബോറട്ടറി പരിശോധനകൾക്കും യാത്രാ ചെലവിനുമായി ധനസഹായവും ചെയ്യുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ്, റീജിയണൽ കാൻസർ സെൻ്റർ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ശ്രീ അവിട്ടം തിരുനാൾ ആശുപത്രി എന്നീ ആതുരാലയങ്ങൾക്കു സമീപം രോഗികൾക്ക് താങ്ങായും തണലായുമാണ് അഭയ രൂപംകൊള്ളുന്നത്. പ്രൊഫ. പി എ സഹീദ് എന്ന മഹാമാനുഷിയുടെ സ്വപ്നങ്ങൾ ഈ മഹാസ്ഥാപനമായി മാറുകയായിരുന്നു. സ്വന്തമായ സേവനങ്ങൾക്കപ്പുറം ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെയും നിരവധി സഹോദര സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്ന കർമ്മവും അഭയകേന്ദ്രം നിർവഹിക്കുന്നു. അതിൻ്റെ ഭാഗമായാണ്, ഈ മേഖലയിലുള്ള സേവനങ്ങൾക്ക് എല്ലാവർഷവും പി എ സഹീദ് പുരസ്ക്കാരം നൽകിവരുന്നത്. സമാന ദൗത്യം നിർവഹിക്കുന്ന ഇരുപതോളം സ്ഥാപനങ്ങൾ ഈ പരിസരത്തുണ്ടെന്നതും അവരുമായി എല്ലാവിധ സഹകരണവും പുലർത്താനാകുന്നു എന്നതും എടുത്തുപറയാതിരിക്കാനാവില്ല.

ഫോഴ്സ് കമ്പനിയുടെ അഭയയുടെ പുതിയ ആംബുലൻസ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രവാസിയായ പേര് വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഒരു ഗുണകാംക്ഷി പുതിയൊരു ഇലക്ട്രിക്ക് ഓട്ടോറിക്ഷ ദാനം ചെയ്തിട്ടുണ്ട്. രോഗികളെ സൗജന്യമായി ആശുപത്രികളിൽ എത്തിക്കുകയും തിരിച്ചുകൊണ്ടു വരികയുമാണ്, ഓട്ടോറിക്ഷയുടെ ദൗത്യം. അഭയകേന്ദ്രം ഇപ്പോൾ പൂർണമായും സൗരോർജ്ജത്തിലാണ് പ്രവർത്തിക്കുന്നതെന്നത് പ്രത്യേകം പറയേണ്ട കാര്യമാണ്. രോഗത്താൽ മനസ്സുമടുത്തവർക്കും കൂട്ടിരിപ്പുകാർക്കും മാനസികാരോഗ്യത്തിന് ആവശ്യമായ കൗൺസിലിംഗ് നൽകുക എന്നതും അഭയയുടെ പ്രധാനകർത്തവ്യങ്ങളിൽ ഒന്നാണ്.

തിരുവനന്തപുരം ഇസ്‌ലാമിക് മിഷൻ ട്രസ്റ്റിൻ്റെയും(TIMT) ഖത്തറിലെ ദക്ഷിണകേരള പ്രവാസി സംഘടനയായ (SKEA) സ്കിയയുടെയും സംയുക്ത സംരംഭമായി നടന്നുവരുന്ന അഭയകേന്ദ്രത്തിൽ കുട്ടികളുടെ പ്രത്യേക ബ്ലോക്ക്, പിന്നീടാണ് സ്ഥാപിതമായത്. പ്രവാസികളും നാട്ടുകാരുമായ നിരവധി പേരുടെ സഹായ സഹകരണങ്ങളാൽ പുതിയ സംരംഭങ്ങൾ ആതുര സേവന രംഗത്ത് രൂപം നൽകിവരികയാണ്, അഭയകേന്ദ്രം. പ്രതിമാസം ഒൻപത്‌ലക്ഷത്തോളം വരുന്ന ചിലവും സുമനസുകളുടെ സഹായത്താൽ നടന്നുപോകുന്നു. കേരളത്തിന് അകത്തും പുറത്തുമുള്ള നിരവധിപേരുടെ സൗമനസ്യമാണ് ഇതിനെല്ലാം ആധാരം. ഏറ്റവും മികച്ച സേവനം നൽകുക എന്ന ചുമതല ഏറ്റെടുത്ത സ്റ്റാഫ് അംഗങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ അഭയകേന്ദ്രത്തിൻ്റെ വലിയൊരു മുതൽക്കൂട്ടാണ്.



**വയലാർ ഗോപകുമാർ**
മാനേജ്മെൻ്റ് കമ്മിറ്റി അംഗം
അഭയന്യൂസ് എഡിറ്റർ

## ജവഹർലാൽ നെഹ്റു എക്സ്സലൻസ് അവാർഡ്



നെഹറു പീസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ 'ജവഹർലാൽ നെഹ്റു എക്സ്സലൻസ് അവാർഡ് 2024-2025 അഭയകേന്ദ്രത്തിന്.

അഭയ കേന്ദ്രം ചെയർമാൻ പ്രൊഫ. കെ.എം ജലീൽ ബഹു: കേരള നിയമസഭ സ്പീക്കർ A N ഷംസീറിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

## കൗൺസലിംഗ് ക്ലാസ്സ്




അഭയ കേന്ദ്രം ഹാളിൽ വച്ച് പ്രമുഖ കൗൺസിലിംഗ് സൈക്കോളജിസ്റ്റും, ക്ലിനിക്കൽ ഹിപ്നോ തൊറാപിസ്റ്റും സർട്ടിഫൈഡ് സോഫ്റ്റ് സ്കിൽ ട്രൈനറുമായ പ്രൊഫ. ഡോ. അലി എം..എ കളിയും കരുതലും (Laugh and Learn) കൗൺസി ലിംഗ് ക്ലാസ് നടത്തി. പരിപാടിയിൽ അഭയ കേന്ദ്രം ചെയർമാൻ പ്രൊഫ.കെ.എം.ജലീൽ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി എം.മെഹബൂബ് , മാനേജിംഗ് കമ്മറ്റി അംഗം എം. അബ്ദുൽജലിൽ പ്രൊഫ. മുതാർ കണ്ണ്, എം. താജുദീൻ എന്നിവർ സംസാരിച്ചു. സദസ്യർക്ക് സംശയ നിവാരണത്തിന് അവസരം ഉണ്ടായിരുന്നു. മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായതും ഫലപ്രദവും ആയ മാർഗനിർദ്ദേശങ്ങൾ നൽകി.



**ഇശൽ സാംസ്കാരിക സമിതി അഭയ കേന്ദ്രത്തിൽ കലാകാരൻമാരുടെ സ്നേഹകൂട്ടായിമ സംഘടിപ്പിച്ചു. കലാകാരന്മാരുടെ ഗാന മേളയും നടത്തി**

## ഇഫ്ത്വാർ സംഗമം




അഭയ കേന്ദ്രത്തിൽ നടന്ന ഇഫ്താർ സംഗമത്തിൽ ചെയർമാൻ പ്രഫസർ കെ.എം.ജലീൽ അദ്ധ്യക്ഷനായി രുന്നു. മണക്കാട് വലിയ പള്ളി ചീഫ് ഇമാം ജനാബ് ഇ.പി അബൂബക്കർ ഖാസിമി റമദാൻ സന്ദേശം നൽകി. ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് എസ്. അമീൻ , എച്ച് ഷഹീർ മൗലവി, ഫാദർ ഷൈൻ എൽ, എം.സ് ചർച്ച് പാളയം എന്നിവർ ആശംസകൾ അർപ്പിച്ചു. ജനാബ് അദ്നാൻ ഖിറാഅത്ത് നടത്തി. അഭയ കേന്ദ്രം ജനറൽ സെക്രട്ടറി എം. മെഹബൂബ് സ്വാഗതവും ജേയിന്റ് സെക്രട്ടറി എ അൻസാരി സമാപനവും നടത്തി.

ഡയാലിസിസ് യൂണിറ്റും കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും തുടങ്ങുന്നതിനു വേണ്ടി അഭയ കേന്ദ്രത്തിന് ഇടയാർ പ്രദേശത്ത് സൗജന്യമായി നൽകുന്ന വസ്തുവിന്റെ ആധാരം എ റഷീദ് & ഫാമിലിയിൽ നിന്നും അഭയ കേന്ദ്രം ചെയർമാൻ പ്രഫസർ കെ.എം ജലീലും ട്രിവാൻഡ്രം ഇസ്‌ലാമിക് ' ട്രസ്റ്റ് ചെയർമാൻ എസ്. അമീനും ചേർന്ന് ചടങ്ങിൽ ഏറ്റുവാങ്ങി വിവിധ മേഖലകളിലുള്ളവരുടെ പങ്കാളിത്തം കൊണ്ട് അഭയ ഇഫ്ത്വാർ വിരുന്ന് ശ്രദ്ധേയമായിരുന്നു.



ഡയാലിസിസ് യൂണിറ്റും കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും തുടങ്ങുന്നതിനു വേണ്ടി അഭയ കേന്ദ്രത്തിന് സൗജന്യമായി ഇടയാർ പ്രദേശത്ത് നൽകുന്ന വസ്തുവിന്റെ ആധാരം എ റഷീദ് & ഫാമിലിയിൽ നിന്നും അഭയ കേന്ദ്രം ചെയർമാൻ പ്രഫസർ കെ.എം ജലീലും ട്രിവാൻഡ്രം ഇസ്ലാമിക് ' ട്രസ്റ്റ് ചെയർമാൻ എസ്. അമീനും ചേർന്ന് ചടങ്ങിൽ ഏറ്റുവാങ്ങി

## BACK to SCHOOL #2025




അഭയകേന്ദ്രത്തിൽ നിന്നും ചികിത്സകഴിഞ്ഞ്പുതിയ അദ്ധ്യയന വർഷം വിദ്യാലയങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് തണലിടം അഭയകേന്ദ്രം- സ്കിയ, എന്നിവരുടെ സഹായത്തോടെ പഠനോപകാരണ വിതരണം നടത്തി , ഒപ്പം വിവിധ കലാ പരിപാടികൾ നടന്നു അഭയ കേന്ദ്രം ചെയർമാൻ പ്രൊ. കെ.എം ജലീൽ വിതരണം ഉൽഘടനംനിർവഹിച്ചു , എം .മെഹബൂബ് , ടി എ ഷാഹുൽ ഹമീദ് , മുർഷിദ് അഹ്മദ്, ജയകുമാർ തണലിടം, സുലൈമാൻ , അശോകൻ, ബിന്ദു , പദ്മാവതി ,എം.താജുദീൻ എന്നിവർ സംബന്ധിച്ചു




തിരുവോണം നബിദിന ആഘോഷങ്ങളുടെ ഭാഗമായി അഭയ കേന്ദ്രത്തിൽ പാട്ടിന്റ കൂട്ടുകാർ കൾച്ചറൽ പ്രോഗ്രം നടത്തി.

## ആരോഗ്യ ബോധവൽകരണ ക്ലാസ്




RCC ആശ്രയ വാളണ്ടിയർ ഓർഗനൈസേഷൻ അഭയ കേന്ദ്രത്തിൽ സംഘടിപ്പിച്ച ക്യാൻസർ സപ്പോർട്ട് ഗ്രൂപ്പ് മീറ്റിംഗിൽ RCC പീടിയാട്രിക് ഓങ്കോളജി വിഭാഗം മുൻ മേധാവി ഡോ. കുസുമകുമാരി ആരോഗ്യ ബോധവൽകരണ ക്ലാസ് നടത്തി. സദസ്യർക്ക് സംശയനിവരാണത്തിന് അവസരം ഉണ്ടായിരുന്നു. ആശ്രയ പ്രസിഡന്റ് ശ്രീമതി: ശാന്ത ജോസ് അദ്ധ്യക്ഷത വഹിച്ചു അഭയ കേന്ദ്രം RM' എം താജുദീൻ, ശ്രീമതി മോളി തോമസ്, ശ്രിമതി. അന്നമ്മ മാത്യൂ,ശ്രിമതി നീന പീറ്റർ, ശ്രീമതി .മേരി മാത്യൂ,ശ്രീമതി ആനി ജോർജ്, ശ്രീമതി റെജി മാത്യൂ ശ്രീമതി ,ഹേമ എന്നിവർ പ്രസംഗിച്ചു

# പ്രൊഫ. പിഎ സഹീദ് പുരസ്കാരം



പ്രൊഫ. പിഎ സഹീദ് പുരസ്കാരംഎസ് വി രാജേഷിനും സമീർ. സി മുഹമ്മദിനും സമർപ്പിച്ചു തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ അഭയ കേന്ദ്രം ചെയർമാൻ പ്രഫസർ. കെ.എംജലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ 20,000/ രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം ബഹു: കേരള കൃഷി വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ് പുരസ്കാര ജേതാക്കൾക്ക് സമർപ്പിച്ചു.

എസ്. അമീൻ, കെ .എ . ഷാജി ,വയലാർ ഗോപകുമാർ , എം മെഹബൂബ് , എസ്.വി രാജേഷ്, സമീർ. സി. മുഹമ്മദ് ,നിൻ സി മറിയം മോണ്ട്ലി, ടി. എ. ഷാഹുൽഹമിദ്, എ. അൻസാരി,മുർഷിദ് അഹ്മദ് എന്നിവർ സംസാരിച്ചു.

.

ആരോഗ്യ ജീവകാരുണ്യ മേഖലയിൽ നൽകി വരുന്ന ഈ വർഷത്തെ പ്രൊഫ. പിഎ സഹീദ് പുരസ്കാരം മാധ്യമ രംഗത്തെ ആരോഗ്യ സേവന റിപ്പോർട്ടുകൾക്കാണ് നൽകിയത്. പ്രിൻറ് മീഡിയക്കും വിഷ്വൽ മീഡിയക്കുമുള്ള പുരസ് കാരങ്ങൾ യഥാക്രമം മലയാള മനോരമയിലെ സ്പെഷ്യൽ കറസ് പോണ്ടൻറ് എസ് വി രാജേഷും 24 ന്യൂസിലെ സീനിയർ റിപ്പോർട്ടർ സമീർ സി യും അർഹരായി



മരണത്തിൻറെ മുനമ്പിൽ നിന്നും നെഞ്ചിനു താഴെ ചലനശേഷി പൂർണമായും നഷ്ടപ്പെട്ട് പെർമനൻറലി ഡിസേബിൾഡ് എന്നു ഡോക്ടർമാർ കുറിച്ചിട്ട തിരുവനന്തപുരം പാപ്പനംകോട് സ്വദേശി നിൻസി മറിയം മോണ്ട്ലിയുടെ ജീവിതത്തിലേക്കുള്ള അവിശ്വസനീയമായ ഉയിർത്തെഴുന്നേൽപ്പിൻറെ കഥ പറയുന്ന 2024 ഡിസംബർ 22ന് 'മലയാള മനോരമ' പ്രസിദ്ധീകരിച്ച 'തിരികെ വന്ന ജീവിതം' എന്ന ഫീച്ചറാണ് എസ് വി രാജേഷിനെ പുരസ്കാരത്തിനർഹനാക്കിയത്.



സാധാരണക്കാരായ നിരവധി കാൻസർ രോഗികൾക്ക് ആശ്രയമാകേണ്ട കോഴിക്കോട് - തെങ്ങിലക്കടവിലെ മലബാർ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നശിച്ച് കൊണ്ടിരിക്കുന്നതിനെ കുറിച്ച് 24 ന്യൂസ് 2024 ഒക്ടോബർ രണ്ടിന് സംപ്രേഷണം ചെയ്ത റിപ്പോർട്ടിനാണ് 24 ന്യൂസിലെ സീനിയർ റിപ്പോർട്ടർ സമീർ സി മുഹമ്മദ് അർഹനായത്.



അഭയ കേന്ദ്രത്തിൽ നിന്നും രോഗികളെയു കൂട്ടിരിപ്പ് കാരെയും ഹോസ്പിറ്റലുകളിൽ സൗജന്യമായി എത്തികുന്നതിനായി ഒരുഅഭ്യൂദയ കാംഷി വാങ്ങി നൽകിയ ബജാജ് ഇലക്ട്രിക് ഓട്ടോ ഫ്ളാഗ് ഓഫ് ചെയ്യുന്നു കല്ലിംഗൽ ബജാജ് എം.ഡി. ജ്യ.ഷഫീഖിൽ നിന്നും അഭയ കേന്ദ്രം ജോയിൻറ് സെക്രട്ടറി മുർഷിദ് അഹ്മദ് താക്കോൽ ഏറ്റുവാങ്ങി.

# അഭയകേന്ദ്രത്തിന് പുതിയ ഭാരവാഹികൾ


ചെയർമാൻ
**എ.എസ് നൂറുദീൻ**


ജനറൽ സെക്രട്ടറി
**മെഹബൂബ് എം**


ട്രഷറർ
**എ. അൻസാരി**


വൈസ് ചെയർമാൻ
**എം. അബ്ദുൽ ജലീൽ**


വൈസ് ചെയർമാൻ
**പ്രൊഫ.കെ എം ജലീൽ**


ജോ.സെക്രട്ടറി
**മുർഷിദ് അഹമ്മദ്**


ജോ.സെക്രട്ടറി
**എ. സൈനുദ്ദീൻ**

## അംഗങ്ങൾ

ടി എ ഹസ്സൻ
അബ്ദുൽ സലാം. ഇ
ടി .എ ഷാഹുൽ ഹമീദ്
സിദ്ധിഖ് സൈനുദീൻ
എൻ എം . അൻസാരി
എം.ടി അസീം
ജെ.അഷറഫ്
നാസറുദീൻ എം റാവുത്തർ
വയലാർ ഗോപകുമാർ
എം. നസീർ
എ.എം. തയ്യുബ്
ആരിഫ് എം
റഫീഖ് ബിൻ സഹീദ്
ഡോ.എ.എം. സഗീർ
ജിഷാ ഫാറൂഖ്
എ എസ് ബഷീർ

## പ്രത്യേക ക്ഷണിതാക്കൾ

ഡോ.സി എം നസീമാബി
പ്രൊഫ. കെ. നസീമ

# ആതുര സേവനം ആരോഗ്യകരമാവാൻ



ഡോ. എ. ബഷീർകുട്ടി
മനഃശാസ്ത്രചികിത്സാ വിദഗ്ദ്ധൻ
drbasheerkutty@gmail.com

ആഃുര സേവനം എന്നത് മഹത്തായ പ്രക്രിയയാണെന്ന് നമുക്കറിയാം. രോഗം ബാധിച്ച വ്യക്തികളെ ചികിത്സിക്കുക, അപകടം പറ്റി വരുന്നവർക്ക് അടിയന്തിരമായി ശുശ്രൂഷ ചെയ്യുക, രോഗമെന്തെങ്കിലും ഉണ്ടോ എന്ന് സംശയിച്ച് വരുന്നവർക്ക് ആവശ്യമായ പരിശോധനകൾ നടത്തി വേണ്ട നടപടികൾ സ്വീകരിക്കുക എന്നിവയെല്ലാം ഡോക്ടർമാരുടെ പ്രധാന ചുമതലകളിൽപ്പെട്ടതാണ്. ഒന്നാമതായി, അസുഖവുമായി വരുന്ന വ്യക്തിയുടെ രോഗം നിർണ്ണയിച്ച് ഔഷധങ്ങൾ നിർദ്ദേശിക്കുക എന്നതാണ് പൊതുവെ ചെയ്യുന്നത്. വിദഗ്ദ്ധനായ ഒരു ഡോക്ടർക്ക് അത് എളുപ്പവുമാണ്. പക്ഷേ, ചികിത്സ സ്വീകരിക്കുന്ന വ്യക്തിക്ക് തന്റെ രോഗത്തെക്കുറിച്ചും അതിന്റെ ചികിത്സയെക്കുറിച്ചും ഡോക്ടറിൽനിന്നും അറിയാനുള്ള താല്പര്യമുണ്ടാവും. അത് അയാളുടെ അവകാശവുമാണ്.

എന്നാൽ, പലപ്പോഴും ഈ അറിവ് രോഗിക്കോ കൂടെയുള്ളവർക്കോ വ്യക്തമായി ലഭിക്കാറില്ല. കൂടാതെ ഒരേ രോഗം വരുന്ന രണ്ട് വ്യക്തികളുടെ മാനസികമായ റിയാക്ഷനും വ്യത്യസ്ഥമാവാം.ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു ഡോക്ടർ ക്ഷമയോടെ ചികിത്സ നടത്തുമ്പോൾ സംഘർഷ സാദ്ധ്യത വളരെ കുറയുന്നു. അതുപോലെ അപകടം പറ്റിവരുന്ന രോഗിയെ അറ്റന്റ് ചെയ്യുന്ന ഡോക്ടറുടെ ശരീര ഭാഷയിൽ ഉണർവ്വും ഉന്മേഷവും അനുഭവപ്പെടണം. ആത്മവിശ്വാസത്തോടെയുള്ള സമർപ്പണ മനോഭാവവും പ്രകടമാവണം.ബോധമുള്ള രോഗി ഇതെല്ലാം നിരീക്ഷിക്കും. ബോധമില്ലാത്ത രോഗിയുടെ കൂടെയുള്ളവരും ഇതെല്ലാം വിലയിരുത്തും.

മൂന്നാമതായി, തന്റെ ആരോഗ്യ നിലയിൽ എന്തോ മാറ്റങ്ങൾ സംഭവിക്കുന്നു എന്ന് തിരിച്ചറിയുന്ന വ്യക്തി ഡോക്ടറെ സമീപിച്ചേക്കാം. ഇങ്ങനെയുള്ളവർ വളരെ പ്രതീക്ഷയോടെയാവും ഡോക്ടറെ കാണുന്നത്. തന്റെ ക്ലിനിക്കൽ സ്കിൽ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാവണം ഒരു ഡോക്ടർ അവിടെ ചെയ്യേണ്ടത്. അസുഖത്തെക്കുറിച്ച് നേരിട്ടുള്ള അന്വേഷണവും ലക്ഷണങ്ങളുടെ പ്രത്യേകതയും ഡോക്ടർ നേരിട്ട് വിലയിരുത്താനാവും രോഗി ആഗ്രഹിക്കുന്നത്. മിക്ക ഡോക്ടർമാരും ഇതൊക്കെ ചെയ്യാറുണ്ട് എന്നതും വസ്തുതയാണ്.എന്നാൽ, പല ഡോക്ടർമാരും രോഗിയെ കേൾക്കാതെ രോഗലക്ഷണങ്ങൾ അറിയാൻ ശ്രമിക്കാതെ വിവിധ തരം പരിശോധനകൾക് വിധേയമാക്കും.

ഇന്നത്തെ കോർപ്പറേറ്റ് സംവിധാനത്തിൽ ഇതൊക്കെ സർവ്വസാധാരണമാണെന്ന് പല രോഗികൾക്കും ബന്ധുക്കൾക്കും അറിയാം. എങ്കിലും നിസ്സഹായരായ അവർ അമർഷം ഉള്ളിലൊതുക്കി അതിന് വഴിപ്പെടുന്നുവെന്ന് മാത്രം.ആധുനിക ചികിത്സാരംഗം അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചിട്ടുങ്കിലും അതിന് ആനുപാതികമായി ജനഹൃദയങ്ങളിൽ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരോടുള്ള ബഹുമാന്യവും ആദരവും ഉണ്ടെന്ന് പറയാനാവില്ല. ഡോക്ടറും സംഘവും ഒരു വശത്തും രോഗിയോ ബന്ധുക്കളോ മറുവശത്തുമായുള്ള സംഘർഷങ്ങൾ ഇതിന് തെളിവാണ്.

ഇതിന് പല കാരണങ്ങൾ ഉണ്ടാവാം. ഭിഷ്വഗ്വരനാവാത്ത അഭിരുചിയില്ലാതെ മെഡിക്കൽ രംഗത്ത് വരുന്നവർ, ലാഭേച്ഛക്കോ, സമൂഹത്തിൽ സ്വാധീനം വർദ്ധിപ്പിക്കുന്നതിനൊ വേണ്ടി ഡോക്ടറാവുന്നവർ, മാനുഷിക മൂല്യങ്ങൾക്കും ആതുര സേവനത്തിനും അർഹമായ പ്രാധാന്യം നല്കാത്തവർ, കോർപ്പറേറ്റ് താല്പര്യങ്ങളിൽ പെട്ട് നിസ്സഹായരായി രോഗികളെ  കൈകാര്യം ചെയ്യാൻ  വിധിക്കപ്പെട്ടവർ തുടങ്ങി പലരും ഇതിന് പിന്നിലുണ്ട്.

എന്നാൽ സംഘർഷങ്ങൾക്ക് ഏറ്റവും പ്രധാനമായി കാണുന്നത് രോഗിയും ഡോക്ടറും തമ്മിലുള്ള ശരിയായ ആശയ വിനിമയത്തിന്റെ അഭാവമാണ്. അതിൽ പലതലങ്ങളുണ്ട്. രോഗം / എന്താണെന്ന് ഡോക്ടർക്ക് മനസ്സിലാവുകയും അതിന് വേണ്ട ചികിത്സ നല്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നുവെന്നും രോഗിയെ /  ബന്ധപ്പെട്ടവരെ

ധരിപ്പിക്കുക.തുടർന്നുള്ള പുരോഗതിയും പുതുതായി സംഭവിക്കുന്ന മാറ്റങ്ങളും സമയാസമയങ്ങളിൽ അറയിക്കണം. ചികിത്സിക്കുന്ന പ്രധാന ഡോക്ടറുടെ വാക്കുകൾ കേൾക്കാനാവും രോഗിയും ബന്ധുക്കളും കൂടുതൽ താല്പര്യപ്പെടുന്നത്. ചികിത്സയുടെ ഭാഗമായിത്തന്നെ ഇക്കാര്യത്തേയും കണക്കാക്കണം.കൂടാതെ എന്തെങ്കിലും അബദ്ധം പറ്റിയാൽ അക്കാര്യം മറച്ച് വക്കാതെ അധികൃതരോട് തുറന്ന് പറഞ്ഞ് ആവശ്യമെങ്കിലും മറ്റ് വിദഗ്ദ്ധരുടെ സഹായത്തോടെ രോഗിയെ രക്ഷിക്കാൻ നോക്കണം. അക്കാര്യം വളരെ തന്മയീഭാവത്തോടെ രോഗിയുടെ ആളുകളെ അറിയിക്കുകയും വേണം. ഒരു പക്ഷേ, താല്ക്കാലികമായി അല്പം ഇകഴ്ത്തലുകൾ ഉണ്ടായാലും ആ ഡോക്ടറുടെ മേന്മയുടെ ഗ്രാഫ് ഉയർന്ന് തന്നെ നിൽക്കും. രോഗികൾ കൂടുതലായി ആശ്രയിക്കുകയും ചെയ്യും. ഇക്കാര്യങ്ങളെല്ലാം പ്രവർത്തിക്കുമ്പോഴാണ് ആരോഗ്യരംഗം മഹത്തരമാവുന്നത്.

രോഗികളും ബന്ധുക്കളും ചിലത് മറന്ന് പോകുന്നത്. ഡോക്ടർമാരും മനുഷ്യരാണ്. അവർക്കും അവരുടേതായ പരിമിതികളും പ്രശ്നങ്ങളുമുണ്ടാവാം. തന്റെ കടമ നന്നായി ചെയ്യുന്നതിനിടയിൽ ഓരോ രോഗിയെ കുറിച്ചുമുള്ള വിവരങ്ങൾ അപ്പപ്പോൾ പറയാൻ ചികിത്സകന് കഴിഞ്ഞെന്ന് വരില്ല.

പരിമിതമായ ചുറ്റുപാടിൽ സ്വന്തം ആരോഗ്യം പോലും അവഗണിച്ച് ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഡോക്ടറെ ചോദ്യം ചെയ്യുമ്പോൾ ചിലപ്പോൾ പെട്ടെന്ന് ക്ഷോഭിച്ചെന്ന് വരാം. ആക്രമിക്കാൻ കാത്തിരിക്കുന്നവർക്ക് അതൊരു കാരണമാവാം. ഒന്നോർക്കുക. ഡോക്ടർമാരുടെ ആത്മവീര്യം നശിപ്പിച്ചുകൊണ്ട് ഒന്നും നേടാൻ കഴിയില്ല. മറിച്ച് പലതും നഷ്ടമാവാൻ ഇടയാവുകയും ചെയ്യും.

അഭയകേന്ദ്രം
ABHAYAKENDRAM (Regd)



ആംബുലൻസ്
മൊബൈൽ മോർച്ചറി
മിതമായ നിരക്കിൽ

Tel: 0471-7966618, Mob: 9497576568

24 Hours' Service Available

## റ്റിംറ്റ് ഹോസ്റ്റൽ

- വിശാലമായ മുറികൾ മിതമായ നിരക്കിൽ ദിവസവാടകക്ക്.
- സ്വന്തമായി ഭക്ഷണം പാചകം ചെയ്യാനുള്ള സൗകര്യം.
- ആവശ്യക്കാർക്ക് സൗജന്യ നിരക്കിൽ ഭക്ഷണം.

അഭയകേന്ദ്രം റസിഡന്റ് മാനേജർ
എം. താജുദ്ദീൻ: 7012534747

Abhayakendram Charitable Society
A/c No. 162302000007007, 162301000007007
Indian Overseas Bank, Ulloor
IFS Code: IOBA0001623

അഭയകേന്ദ്രം ഭക്ഷണചെലവ്

ഒരു ദിവസത്തെ ഭക്ഷണചെലവ് – 15,000/-

ഒരു മാസത്തെ ഭക്ഷണചെലവ് – 4,50,000/-

Publisher: M. Mehaboob, Editorial Board : Vayalar Gopakumar, Murshid Ahammed
Copies: 1000 (For Private Circulation only)

Lay-out: ShinuV S, eminents
Printed at: eminents
0471 4011452, 9388242526